സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജയിൽശിക്ഷയിൽ കഴിയുമ്പോൾതന്നെ പഠിക്കുവാൻ താൽപ്പര്യമുള്ള തടവുകാർക്ക് പഠനസൗകര്യവും പരീക്ഷ എഴുതുന്നതിനുള്ള സൗകര്യവും നൽകിവരുന്നുണ്ട്.

(ഇ) തടവുകാർക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭിച്ചുവരുന്നുണ്ട്.

(എഫ്) ജയിലിൽവച്ച് മരണമടയുന്ന തടവുകാരുടെ കുടുംബത്തിന് ധനസഹായം നൽകാൻ നിലവിൽ ചട്ടമില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

മി. സ്പീക്കർ : യേസ്, ചോദ്യം 414, ജയിലുകളുടെ നവീകരണം സംബന്ധിച്ചുള്ളതാണ്. അത് 396-ഉം തമ്മിൽ ക്ലബ് ചെയ്ത് എടുക്കാം. ചോദ്യം 414, ശ്രീ. കെ.എം. മാണി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

3 (*414) ജയിലുകളുടെ നവീകരണം

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതിയെന്താണെന്ന് വിശദമാക്കുമോ;

(ബി) തടവുകാരുടെ മോചനം സംബന്ധിച്ച് റിട്ട. ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോൻ അദ്ധ്യക്ഷനായുള്ള ജയിൽ അവലോകന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഇതുവരെ എത്ര തടവുകാരെ മോചിപ്പിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) ശിക്ഷയുടെ കാലാവധി പൂർത്തിയായിട്ടും മോചനം ലഭിക്കാത്ത എത്ര തടവുകാർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇപ്രകാരം ആരെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം വിവരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ,

(എ) ജയിലുകളുടെ നവീകരണത്തെ സംബന്ധിച്ച് രണ്ട് അന്വേഷണ കമ്മിഷനെ വച്ചിരുന്നു. ആ അന്വേഷണക്കമ്മിഷന്റെ ഫലമായി തടവുകാരുടെ മോചനവും അതുപോലെതന്നെ ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ അദ്ധ്യക്ഷനായ അവലോകന കമ്മിറ്റിയും തീരുമാനിച്ച നിർദ്ദേശങ്ങൾ ഞങ്ങൾ നടപ്പാക്കുന്നുണ്ട് ..... (ബഹളം) .....

മി. സ്പീക്കർ : അതല്ല. ചോദ്യം 414-ന്റെ ഉത്തരം ആ ഫയലിലുണ്ടാവും. ചോദ്യം 414 ക്ലബ് ചെയ്തു, കാരണം അത് ജയിലുകളുടെ നവീകരണം സംബന്ധിച്ചുള്ളതാണ്. ആ ചോദ്യത്തിന്റെ ഉത്തരം ഇവിടെ ഫയലിലുണ്ട്, ഇതിൽനിന്ന് തരാം, ഇവിടെയുണ്ട് അതിന്റെ മറുപടി ..... (ബഹളം) ..... ഇത് അവസാനത്തെ ചോദ്യമാണ്,

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ മറുപടി ഫയലിൽനിന്നും എടുക്കാനുള്ള സാവകാശം അദ്ദേഹത്തിന് കൊടുക്കണ്ടേ? അതിന്റെ ആൻസർ ഇവിടെയുണ്ട്. ഈ ഫയലിലുണ്ട്. അത് അദ്ദേഹത്തിന് കൊടുക്കാം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്തെ ജയിലുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ജയിൽ നവീകരണ പദ്ധതി, ക്ഷേമ പദ്ധതി എന്നിവ പത്താം ധനകാര്യക്കമ്മിഷൻ അവാർഡ് പ്രകാരം സ്വീകരിച്ചുവരുന്നുണ്ട്. ജയിലുകളിൽ നടപ്പിലാക്കാനായി ഉദയഭാനുകമ്മിഷൻ ശുപാർശ ചെയ്ത 227 ശുപാർശകളിൽ പ്രാധാന്യമർഹിക്കുന്നവയെ മുൻഗണന നൽകി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പാക്കിവരികയാണ് ..... (ബഹളം) .....

414-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയാണ് ഞാൻ പറഞ്ഞത്. 414-ാം നമ്പർ ചോദ്യത്തിന്റെ (എ) വിഭാഗത്തിൽ ചോദിച്ചിരിക്കുന്നത് സംസ്ഥാനത്തെ ജയിലുകളുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോയെന്നാണ്. അതിനുള്ള മറുപടിയായി ആ പുരോഗതി എന്താണെന്ന് വിശദമാക്കുകയാണ് ഞാനിപ്പോൾ ചെയ്തത്. ആ പുരോഗതിയെക്കുറിച്ചാണ് ചന്ദ്രശേഖരമേനോൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് .....(ബഹളം) .....

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ ചോദ്യത്തിനുള്ള മറുപടി ഇപ്രകാരമല്ല പറയേണ്ടത്. ഇങ്ങനെയാണോ ആ ചോദ്യത്തിനുള്ള മറുപടി പറയുന്നത്?

ശ്രീ. ഇ.കെ. നായനാർ : ഞാൻ എങ്ങനെ പറയണമെന്ന് നിശ്ചയിക്കേണ്ടത് ആര്യാടനല്ല, ഞാനാണ് പറയേണ്ടത്. ആര്യാടൻ പറയുന്നത് തെറ്റാണ്. മന്ത്രി ചോദ്യത്തിനുള്ള മറുപടി മാത്രമേ പറയേണ്ടതുള്ളു. അത് എഴുതി വായിക്കുകയും ചെയ്യാം, പറയുകയും ചെയ്യാം ..... (ബഹളം) .....

മി. സ്പീക്കർ : അദ്ദേഹത്തിന്റെ കൈയിൽ ഉത്തരമുണ്ട്. അദ്ദേഹം അത് വായിക്കട്ടെ, ... (ബഹളം).....

ശ്രീ. ഇ.കെ. നായനാർ : അതാണ് ഞാൻ പറഞ്ഞത്. മുഖ്യമന്ത്രിക്ക് വായിക്കുകയും പറയുകയും ചെയ്യാം. ആര്യാടനല്ല ഈ നടപടിക്രമം തീരുമാനിക്കേണ്ടത്. അത് മനസ്സിലാക്കണം. ആര്യാടനല്ല തീരുമാനിക്കേണ്ടത് ..... (ബഹളം) .....

മി. സ്പീക്കർ : അങ്ങ് ആൻസർ വായിക്കണം.

ശ്രീ. ഇ.കെ. നായനാർ : അപ്പോൾ ഇതിനുവേണ്ടി ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികളെ സംബന്ധിച്ചാണ് ക്വസ്റ്റ്യൻ. 414 എ- വിഭാഗത്തിലുള്ള ചോദ്യത്തിനുള്ള മറുപടിയായി ഞാൻ പറഞ്ഞത്. ജയിൽ നവീകരണ പ്രശ്നത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്.

ജയിൽ നവീകരണപ്രശ്നം ധനകാര്യകമ്മീഷൻ ശുപാർശയനുസരിച്ച് സംസ്ഥാനത്തെ പഴക്കമുള്ള ജയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് 498 ലക്ഷം ഉറുപ്പിക ചെലവാക്കി. അതുപോലെതന്നെ ആലത്തൂർ സബ്-ജയിലിനുവേണ്ടി പുതിയ കെട്ടിടം പണിതു. ഇതൊക്കെയാണ് നടപടിക്രമങ്ങൾ. എറണാകുളം ജയിലിന്റെ വനിതാ ബ്ലോക്ക്, അതുപോലെതന്നെ സെൻട്രൽ ജയിലിൽ പുതിയ സെൻട്രീ ടവറുകൾ ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അദ്ദേഹം മറുപടി വായിക്കട്ടെ, ഇങ്ങനെ ഇന്റർഫിയർ ചെയ്യാൻ പാടില്ല. അദ്ദേഹം വായിക്കട്ടെ, വായിച്ചുകഴിയട്ടെ ..... (ബഹളം) ..... മുഖ്യമന്ത്രിയെ വായിക്കാൻ സമ്മതിക്കാതിരുന്നാൽ എന്തുചെയ്യും? ഓരോന്നിനും ഇങ്ങനെ എഴുന്നേറ്റുനിന്ന് ശബ്ദമുണ്ടാക്കാൻ തുടങ്ങിയാൽപ്പിന്നെ എങ്ങിനെയാണ് അദ്ദേഹം വായിക്കുക. അദ്ദേഹം വായിച്ചുകഴിയട്ടെ.

ശ്രീ. ഇ.കെ. നായനാർ : 414-ന്റെ മറുപടിയാണ് ഞാൻ വായിക്കുന്നത്. അതിൽ എ- വിഭാഗത്തിന്റെ ചോദ്യത്തിനുള്ള മറുപടി വായിച്ചുകഴിഞ്ഞു.

(ബി)&(സി) എട്ടുവർഷം തനിശിക്ഷയുടെ ഇളവടക്കം പത്തുവർഷവും ശിക്ഷാനടപടി പൂർത്തിയാക്കിയ ജീവപര്യന്ത തടവുകാരുടെ മോചനം റിട്ട യേർഡ് ചന്ദ്രശേഖരമേനോൻ കമ്മിഷൻ റിവ്യൂ കമ്മിറ്റി സമയാസമയങ്ങളിൽ കൂടി ഓരോ കേസ്സും വിശദമായി പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. അതുപോലതന്നെ

(ഡി)&(ഇ) ശിക്ഷാകാലാവധി പൂർത്തിയായി മോചനം ലഭിക്കാത്ത തടവുകാർ ആരുംതന്നെയില്ല.

(എഫ്)ഉദിക്കുന്നില്ല. ..... (ബഹളം) .....

മി. സ്പീക്കർ : ആവശ്യമില്ലാതെ ഒച്ചപ്പാടുണ്ടാക്കാതിരിക്കുക. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ, അങ്ങേയ്ക്ക് ചോദ്യം ചോദിക്കാം.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, എട്ടാമത്തെ പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ ശുപാർശപ്രകാരം എത്ര ജീവപര്യന്ത തടവുകാരെയാണ് മോചിപ്പിച്ചിട്ടുള്ളത്?

ശ്രീ. ഇ.കെ. നായനാർ : സർക്കാർ ഇക്കാര്യത്തിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തടവുകാരുടെ വേതനം, വൈദ്യസഹായം, സാനിട്ടേഷൻ, പാചകസംവിധാനം എന്നിവ മെച്ചപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ..... (ബഹളം) .....

മി. സ്പീക്കർ : ചോദ്യോത്തരവേളയിൽ ഇത്തരത്തിലുള്ള ഇടപെടൽ ശരിയല്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കൂടുതൽ ജീവപര്യന്ത തടവുകാരെ മോചിപ്പിക്കുന്നതിന് ..... (ബഹളം) .....

മി. സ്പീക്കർ : ഒരംഗത്തിന്റെ അവകാശമാണ്. ഇത്തരത്തിലുള്ള ഇടപെടൽ ശരിയല്ല, അദ്ദേഹം ചോദ്യം ചോദിക്കട്ടെ .....

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, എട്ടാമത് പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ ശുപാർശപ്രകാരം എത്ര ജീവപര്യന്ത തടവുകാരെയാണ് മോചിപ്പിച്ചിട്ടുള്ളത്; കൂടുതൽ ജീവപര്യന്ത തടവുകാരെ മോചിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇക്കാര്യത്തിൽ 19.3.99-ൽ കൂടിയ കമ്മിറ്റിയുടെ ശുപാർശപ്രകാരം 162 പേരെ കൂടി മോചിപ്പിക്കുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

ശ്രീ. എം.വി. ജയരാജൻ : ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തടവുകാരുടെ വേതനം പരിഷ്കരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : രണ്ട് തവണ പരിഷ്കരിച്ചിട്ടുണ്ട്. തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് നിർദ്ദേശിച്ചിട്ടുള്ള കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം.വി. ജയരാജൻ : ചീമേനി ഓപ്പൺ ജയിൽ ആരംഭിക്കാനുള്ള പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള 308.75 ഏക്കർ സ്ഥലം ജയിൽ വകുപ്പിന് ഇതുവരെ കൈമാറിയിട്ടുണ്ട്. കോമ്പൗണ്ടിനു ചുറ്റും മുള്ളുവേലി കെട്ടാൻ 15 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. ജയിൽ ആരംഭിക്കാനുള്ള താൽക്കാലിക കെട്ടിടം പണിയാനുള്ള സ്കീം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീമതി എൻ.കെ. രാധ : ജയിൽ ആശുപത്രികൾ നവീകരിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ജയിൽ ആശുപത്രികളിൽ പുതിയ കട്ടിലുകൾ, മെത്ത, അലമാര, ഓക്സിജൻ സെറ്റ്, ഇ.സി.ജി. തുടങ്ങിയ ഉപകരണങ്ങൾ ഇതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്.

ശ്രീമതി എൻ.കെ. രാധ : പ്രധാന ജയിലുകളിൽ മനോരോഗ വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സ്വീകരിക്കാം.

ശ്രീ. സി.കെ. രാജേന്ദ്രൻ : ജയിലുകളിലെ വൈദ്യുതി പ്രശ്നവും വോൾട്ടേജ് ക്ഷാമവുമൊക്കെ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : എല്ലാ ജയിലുകളിലും ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ജയിലുകളിൽ നല്ല ഭക്ഷണം നൽകുന്നുവെന്ന് ഇവിടെ വിശദീകരിക്കുകയുണ്ടായി. നല്ല ഭക്ഷണം നൽകുന്നതിനും പാചക സംവിധാനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : എല്ലാ ജയിൽ അടുക്കളകളോടനുബന്ധിച്ചും ഗ്യാസ് അടുപ്പുകളും 20 ജയിലുകളിൽ ഗ്രൈന്ററും സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : ജയിലുകളിൽ ശുദ്ധജലവിതരണം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളോടനുബന്ധിച്ച് കുളങ്ങൾ നവീകരിച്ച് ജലവിതരണം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : തങ്ങളുടേതല്ലാത്ത കുറ്റത്താൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന കുറ്റവാളികളെ മോചിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

മി. സ്പീക്കർ : ഈ ചോദ്യം അടുത്ത ചോദ്യത്തിൽ വരുന്നതാണ്. അതിന് മറുപടി പറയണ്ട.

ശ്രീ. കെ.എം. മാണി : സർ, 414-ാം നമ്പർ ചോദ്യം എന്റേതാണ്. ഞങ്ങൾ പറയുന്നത് അങ്ങ് ദയവായിട്ട് കേൾക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(എ) യുടെ എഴുതിത്തന്ന ഉത്തരമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ചത്. രണ്ട്, ആദ്യം (ഡി)യ്ക്ക് ഉത്തരം പറഞ്ഞുമില്ല. അതു കൊണ്ട് മേലിൽ അങ്ങനെ ആവർത്തിക്കാതിരിക്കാൻ അങ്ങ് പ്രത്യേക നിർദ്ദേശം കൊടുക്കണം.

സർ, തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന് ഭരിക്കുന്നതിനിടയിൽ വലിയൊരു ഔദാര്യ മെന്ന നിലയിൽ മോഷണം, പിടിച്ചുപറി തുടങ്ങിയ ഗുരുതരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്ന നിരവധി ആളുകളെ പുറത്തേയ്ക്ക് വിടുകയു ണ്ടായി. ഇന്ന് സംസ്ഥാനത്ത് മോഷണം, പിടിച്ചുപറി മുതലായിട്ടുള്ള കുറ്റകൃ ത്യങ്ങൾ പെരുകിവന്നിട്ടുള്ളത് ഇങ്ങനെ ജയിലിൽ കിടന്നിരുന്ന പല ആളുക ളെയും വിടുതൽ ചെയ്തതുകൊണ്ടല്ലേ? അത് ഗവൺമെന്റ് മനസ്സിലാക്കിയിട്ടു ണ്ടോ; അങ്ങനെയെങ്കിൽ അതിന് എന്തെങ്കിലും പ്രതിവിധിയുണ്ടാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : തടവിൽ കിടന്നവരെ മോചിപ്പിച്ചതുകൊ ണ്ടാണ് കുറ്റകൃത്യങ്ങൾ വർദ്ധിച്ചതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് തെറ്റാണ്, അത് ശരിയല്ല.

<u>ശ്രീ. കെ.എം. മാണി</u> : സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്ന തിന് ഒറ്റ കാരണം അതാണെന്ന് ഞാൻ പറഞ്ഞില്ല. കാരണങ്ങളിൽ ഒന്ന് ഇൻഡിസ്ക്രിമിനേറ്റായിട്ട് ഈ ഗവൺമെന്റ് കുറ്റവാളികളെ ജയിൽ തുറന്ന് പുറത്തേയ്ക്ക് വിട്ടതല്ലേ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. ഇ.കെ. നായനാർ</u> : ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിന്റെയും ചന്ദ്ര ശേഖരമേനോൻ കമ്മിഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എട്ടുവർഷം തനി ശിക്ഷയും ഇളവ് ചെയ്ത് 10 വർഷവും കിടന്നാൽ അവരെ മോചിപ്പിക്ക ണമെന്നുള്ള ശുപാർശ ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ആ അടിസ്ഥാന ത്തിലാണ് കുറ്റവാളികളെ മോചിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : 1957-ലെ ഇ.എം.എസിന്റെ നേതൃത്വ ത്തിലുള്ള ആദ്യത്തെ ഗവൺമെന്റാണ് ജയിലിലെ തടവുകാർ മനുഷ്യരാണെ ന്നുള്ള പരിഗണനവച്ചുകൊണ്ട് ജയിലുകളിൽ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി യിട്ടുള്ളത്. ജയിലിൽ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള നടപടികളിൽ തടവു കാർക്ക് വിതരണം ചെയ്യുന്ന ഭക്ഷണത്തിൽ പലതും കരാറുകാരും ജയിൽ ഉദ്യോഗസ്ഥൻമാരുംകൂടി ഒത്തുചേർന്നുകൊണ്ട് പൂർണ്ണമായ അളവിൽ കൊടു ക്കാത്ത പല പരാതികളുമുണ്ട്. ജയിലിൽ കിടന്നപ്പോൾ ഞങ്ങൾക്ക് നേരിട്ട് അനുഭവമുള്ളതാണ്. ഇത്തരം പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഭക്ഷണം കൊടുക്കുന്ന കാര്യത്തിൽ പുതിയ പരിഷ്കാരം വരുത്തിയത് ഞാൻ നേരത്തെ വ്യക്തമാക്കിയിരുന്നു. അതിൽ എന്തെങ്കിലും അപാകതകൾ വരുന്നുണ്ടെങ്കിൽ അത്തരം കുറ്റങ്ങൾ ചെയ്യുന്ന വർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ശിക്ഷയുടെ കാലാവധി പൂർത്തിയായിട്ടും മോചനം ലഭിക്കാതെ കിടക്കുന്ന എത്ര തടവുകാരാണ് ഇപ്പോഴുള്ളത്; അങ്ങനെ അവരെ ജയിലിൽ വയ്ക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാ ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : ഈ രാജ്യത്ത് നിരോധിക്കപ്പെട്ട കഞ്ചാവ് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചതുകൊണ്ടുള്ള തടവുകാർ ഒരു സെറ്റുണ്ട്. മറ്റൊരു സെറ്റ് 14 കൊല്ലത്തേയ്ക്ക് ശിക്ഷിച്ച സാധാരണ തടവുകാരാണ്. പണ്ട് അത് 20 വർഷമായിരുന്നു. അതിൽ ഈ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് ആകെ മോചിപ്പിച്ചതിന്റെ കണക്ക് ഞാൻ പറയാം. ഇതുവരെ 654 ആളുകളെ മോചിപ്പിച്ചിട്ടുണ്ട്. അതേസമയത്ത് ശിക്ഷയുടെ കാലാവധി കഴിഞ്ഞ് തെളിവുണ്ടായിട്ട് അവരെ മോചിപ്പിക്കാൻ പാടില്ലെന്ന് പറഞ്ഞ ഒരു വിഭാഗം ഇപ്പോഴും പത്തുകൊല്ലമായിട്ടും കിടക്കുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശിക്ഷയുടെ കാലാവധി പൂർത്തിയായിട്ടും മോചനം ലഭിക്കാതെ കിടക്കുന്ന തടവുകാർ എത്രയാണെന്നാണ് എന്റെ ചോദ്യം.

ശ്രീ. ഇ.കെ. നായനാർ : അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, സംസ്ഥാനത്തെ ചില മുൻമന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ജയിലിൽ പോകാൻ ക്യൂ നിൽക്കുകയാണ്. അവർക്ക് പ്രത്യേക വല്ല സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : ആ ചോദ്യത്തിന് ആൻസർ ചെയ്യണ്ട.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വിചാരണത്തടവുകാരുടെ കാര്യത്തിൽ ജയിൽ ജീവിതം മൂന്നുമാസത്തിനപ്പുറം പോകുന്ന ഓരോ ഘട്ടത്തിലും ജില്ലാ ജഡ്ജി ഉൾപ്പെടുന്ന ഒരു ടീം ജയിലിൽ എത്തി അവരെ സന്ദർശിച്ച് തടവ് നീളുന്നതിന്റെ കാര്യം അവരോട് ചോദിച്ചു മനസ്സിലാക്കി ഹൈക്കോടതിക്ക് റിപ്പോർട്ട് ചെയ്യണമെന്നാണ് വ്യവസ്ഥ. ആ വ്യവസ്ഥ നമ്മുടെ ജയിലുകളിൽ കൃത്യമായി പാലിച്ചിട്ടുണ്ടോ; പാലിക്കപ്പെടുന്നില്ല എന്നുള്ള പരാതി വ്യാപകമായിട്ടുണ്ട്. അതു സംബന്ധിച്ച് സർക്കാർ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ.കെ. നായനാർ : സർ, അതു സംബന്ധിച്ച് പരാതി കിട്ടിയാൽ അന്വേഷിക്കാം.

ശ്രീ. കെ.സി. ജോസഫ് : സർ, ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ ചോദ്യത്തിന്റെ ഉത്തരത്തിൽ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 162 പേരെ വിട്ടയച്ചതായി പറഞ്ഞു. റിവ്യൂ കമ്മിറ്റി മുന്നോട്ടുവച്ചിട്ടുള്ള മാനദണ്ഡങ്ങളിൽപ്പെടുന്ന പല തടവുകാരെയും രാഷ്ട്രീയമായ പരിഗണനവച്ചുകൊണ്ട് യു.ഡി.എഫ്. അനുഭാവികളായതുകൊണ്ട് അവരെ വിട്ടയയ്ക്കാതെ ജയിലിൽ നിൽക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ദയവായി ഇക്കാര്യത്തിൽ മറ്റു പരിഗണന ഇല്ലാതെ റിവ്യൂ കമ്മിറ്റിയുടെ പൊതു മാനദണ്ഡമനുസരിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സ്വീകരിക്കാം.

4 (*397) വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളികൾ

ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :

LIBRARY ARCHIVES Kerala Legislative Assembly